MR. P. K. KRISHNAN SASTIRI: ചില സ്ഥലങ്ങളിൽ കൊടുക്കാതിരിക്കുന്നതിന് പ്രത്യേക കാരണമുണ്ടോ?

HON'BLE MR. K. R. ELANKATH : പ്രത്യേക കാരണമൊന്നുമില്ല. പൊതുവെ ആവശ്യാനുസരണം വിതരണം ചെയ്യാൻ മതിയായ കറൻറ് ഇപ്പോൾ കിട്ടുന്നില്ല.

MR. PANDAVATHT SANKARA PILLAI (*Karthikapalli III—General*) : ലൈറ്റിനുവേണ്ടി അപേക്ഷിക്കുന്നവർക്ക് മുൻഗണന കൊടുക്കാതെ മറ്റുള്ളവർക്കു കൊടുത്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : ചില വ്യവസ്ഥകളനുസരിച്ചാണ് നാം കൊടുക്കുന്നത്. എല്ലാവർക്കും കൊടുക്കത്തക്ക സാഹചര്യം ഉണ്ടാകുമ്പോൾ എല്ലാവർക്കും കിട്ടും.

MR. PANDAVATHT SANKARA PILLAI : ഇപ്പോൾ ചോദിച്ച ചോദ്യങ്ങൾ മുമ്പുകൊല്ലം മുമ്പു ചോദിച്ചപ്പോഴും ഇതേ മറുപടിയാണ് കിട്ടിയത്. അതുപോലെയുള്ളതുതന്നെ ചില സ്ഥലങ്ങളിൽ ലൈൻ നീട്ടിക്കൊടുത്തിട്ടുമുണ്ട്.

HON'BLE MR. K. R ELANKATH : അത് ഞാൻ പറയാം. ചില മുനിസിപ്പൽ ടൗണുകളിലും മറ്റും ഇപ്പോൾതന്നെ ലൈറ്റ് ഉണ്ടായിരിക്കും. അവിടെ ഒരു രണ്ടോ മൂന്നോ പോസ്റ്റ് ഇട്ടാൽ ലൈൻ നീട്ടാൻ സാധിച്ചു എന്നു വരാം. അങ്ങിനെയുള്ളിടത്തു നീട്ടിക്കൊടുക്കുന്നുണ്ട്. എന്നാൽ വളരെയധികം ദൂരത്തിൽ വേണ്ടിടത്തു എളുപ്പത്തിൽ കൊടുക്കാൻ സാധിച്ചു എന്നു വരുന്നതല്ല.

MR. P. CHACKO (*Thiruvalla—V General*) : ജലവിഭവപദ്ധതികൾക്ക് ഇലക്ട്രിസിറ്റി വിതരണത്തിൽ മുൻഗണന കൊടുക്കാൻ ദയവുണ്ടാകുമോ?

HON'BLE MR. K. R. ELANKATH. ഇപ്പോഴും ധാരാളം കൊടുക്കുന്നുണ്ട്.

പാലങ്ങളുടെ തകരാറുകൾ.

* 78 MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ലിയു. വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊല്ലം-ആലപ്പുഴ ലൈനിലെ ബസ്സ് യാത്രക്കാർ പാലങ്ങളുടെ തകരാറുകൾമൂലം ഏതു സ്ഥലങ്ങളിൽ ഇറങ്ങിക്കയറേണ്ടിവരുന്നുവെന്നു ഗവണ്മെൻറിനിയാമോ?

(ബി) ഈ പതിവ് എത്രകാലമായി തുടർന്നു വരുന്നുവെന്ന് ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

(സി) പാലങ്ങൾ ശരിപ്പെടുത്താൻ എന്തെങ്കിലും കർശന നടപടി എടുത്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKTH : (*a*) Yes, at 8 places.

(*b*) At Chavara and Kannettil for a petty long time and at Thottapally for the last one year.

(c) Reconstruction of the bridges is arranged to be taken up one by one.

Hospitals and Dispensaries in Parur.

*79. MR. PAUL THALIAT: Will the Honourable Minister for Medical be pleased to state:

(*a*) the number of hospitals in Parur taluk;

(*b*) the number of dispensaries in that taluk;

(*c*) the number of grant-in-aide dispensaries and hospitals respectively in that taluk with the amount of grant given in each case; and

(*d*) whether any new dispensaries will be opened in the taluk in 1124 and if so the names of the localities selected?

HON'BLE MR. E. K. MADHAVAN : (a) One.

(b) Two.

(c) One grant-in-aid Hospital at Manjummel. Amount of grant Rs. 15 per mensem. No grant-in-aid dispensaries.

(d) One dispensary at Parakadavu and another at Puhenchirai have been sanctioned. If the buildings are completed in 1124 these dispensaries will be opened this year itself.

MR. PAUL THALIAT : ഈ കെട്ടിടത്തിന്റെ പണി തുടങ്ങുന്നതിനു എന്തെങ്കിലും ജോലി ആരംഭിച്ചിട്ടുണ്ടോ?

HON'BLE MR. E. K. MADHAVAN : ഇൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറുമായി ചില പ്രാരംഭനടപടികൾ നടന്നുവരുന്നുണ്ട്. അതല്ലാതെ ഒന്നും കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly